പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1215

04/02/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

ചോദ്യം

**ശ്രീ.കെ.മുരളീധരൻ**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചശേഷം സർക്കാർ വിദ്യാലയങ്ങളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; 2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ ഉണ്ടായ വർദ്ധന വ്യക്തമാക്കുമോ;

(എ) ഉണ്ട്. ഒന്നു മുതൽ ഒൻപതു വരെ ക്ലാസ്സുകളിൽ മുൻ വർഷത്തെ അപേക്ഷിച്ച് 2016-17 അദ്ധ്യയന വർഷത്തിൽ നിന്നും 2017-18 വർഷം 1,57,406 കുട്ടികളും, 2017-18 നെ അപേക്ഷിച്ച് 2018-19-ൽ 1,85,971 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ മേൽപറഞ്ഞ കാലയളവിൽ എത്ര വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ കാലയളവിൽ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 2017-18-ൽ 1,00,693 ഉം 2018-19-ൽ 1,15,327 ഉം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ടോ; സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കഴിഞ്ഞ രണ്ട് വർഷത്തെ വിശദാംശം നൽകുമോ?

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതു വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ട്. കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം താഴെ ചേർക്കുന്നു.

| വർഷം | കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം | | |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | ആകെ |
| 2016-17 | 3,499 | 3,611 | 7,110 |
| 2017-18 | 2,503 | 3,137 | 5,640 |

Nanitha

**സെക്ഷൻ ഓഫീസർ**